# കേരള സർവകലാശാല

നം.പി.ആർ.143/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### സ്പോർട്സ് ക്വാട്ട പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള സ്പോർട്സ് ക്വാട്ട പ്രൊഫോമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്സ് ക്വാട്ടയിൽ പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാകുന്ന തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ-മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്ത് നിശ്ചിത തീയതിക്ക് മുൻപായി കോളേജിൽ പ്രൊഫോമ സമർപ്പിക്കുകയോ ഇ-മെയിൽ അയയ്ക്കുകയോ ചെയ്യുന്നവർ മാത്രമേ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും പ്രവേശനത്തിന് അർഹത നേടുകയും ചെയ്യുകയുള്ളൂ. പ്രൊഫോമ സമർപ്പിച്ചിട്ടുള്ള കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ മാത്രമെ അപേക്ഷാർത്ഥി ഉൾപ്പെടുകയുള്ളൂ എന്നുള്ള കാര്യം ശ്രദ്ധിക്കുക.

സ്പോർട്സ് ക്വാട്ട പ്രവേശനം സംബന്ധിച്ച മറ്റ് വിശദവിവരങ്ങൾക്ക് പ്രോസ്പെക്ടസ് കാണുക.

## ബി.എ മ്യൂസിക് പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള മൂന്ന് ആർട്സ് ആൻറ് സയൻസ് കോളേജുകളിലെ (എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്.എസ് കോളേജ് ഫോർ വിമെൺ, നീറമൺകര, ഗവൺമെൻറ് കോളേജ് ഫോർ വിമെൺ, വഴുതക്കാട്, എസ്.എൻ. കോളേജ് ഫോർ വിമെൺ, കൊല്ലം) ബി.എ മ്യൂസിക് കോഴ്സുകളിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷാ ഫോമിൻറെ പകർപ്പ് അതത് കോളേജുകളിൽ നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാവുന്ന തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ-മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നകിയിട്ടുണ്ട്. ഇപ്രകാരം അപേക്ഷകൾ കോളേജുകളിൽ നേരിട്ടോ ഇ-മെയിൽ മുഖേനയോ സമർപ്പിക്കുന്നവരെ മാത്രമേ ബി.എ മ്യൂസിക് പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

## ശ്രീ.സ്വാതി തിരുനാൾ ഗവ.കോളേജ് ഓഫ് മ്യൂസിക് ബി.പി.എ (Bachelor of Performing Arts) പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ശ്രീ.സ്വാതി തിരുനാൾ ഗവൺമെൻറ് കോളേജ് ഓഫ് മ്യൂസിക് തൈക്കാട്, തിരുവനന്തപുരം ബി.പി.എ പ്രവേശനത്തിനുള്ള അപേക്ഷാഫോം അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത അപേക്ഷാഫോം പൂരിപ്പിച്ച് കോളേജിൽ നേരിട്ടോ ഇ-മെയിൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. കോളേജിൻറെ ഇ-മെയിൽ വിലാസം sstgmc@gmail.com. ബി.പി.എ പ്രവേശനം സംബന്ധിച്ച വിശദവിവരങ്ങൾക്ക് 0471-2323027 എന്ന ഫോൺ നംപറിൽ ബന്ധപ്പെടുക.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

03.08.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098